# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ഒക്ടോബർ 30

# വാർത്താക്കുറിപ്പ്

## എസ്.സി./എസ്.ടി. രണ്ടാം സ്‌പെഷൽ അലോട്ട്‌മെന്റ്; ഓപ്ഷൻ രജിസ്‌ട്രേഷൻ നവംബർ രണ്ടുവരെ

എസ്.സി./എസ്.ടി. വിഭാഗത്തിനായുള്ള രണ്ടാം സ്‌പെഷൽ അലോട്ട്‌മെന്റിന് നവംബർ രണ്ടിന് ഉച്ചകഴിഞ്ഞ് രണ്ടുവരെ ഓപ്ഷൻ രജിസ്‌ട്രേഷൻ നടത്താം. രണ്ടാം സ്‌പെഷൽ അലോട്ട്‌മെന്റ് നവംബർ മൂന്നിന് പ്രസിദ്ധീകരിക്കും. രണ്ടാം സ്‌പെഷൽ അലോട്ട്‌മെന്റിനുശേഷം എസ്.സി./എസ്.ടി. വിഭാഗക്കാർക്കായി പ്രത്യേകം സംവരണം ലഭ്യമായിരിക്കില്ല.

(പി.ആർ.ഒ/39/1070/2020)

## എൽ.എൽ.ബി. പരീക്ഷകേന്ദ്രം

മഹാത്മാഗാന്ധി സർവകലാശാല നവംബർ മൂന്നുമുതൽ ആരംഭിക്കുന്ന നാലാം സെമസ്റ്റർ എൽ.എൽ.ബി. പരീക്ഷകൾക്ക് രജിസ്റ്റർ ചെയ്ത വിദ്യാർഥികൾക്ക് പരീക്ഷ നടക്കുന്ന സർവകലാശാലയ്ക്ക് കീഴിലുള്ള ഏത് ലോ കോളേജിലും പരീക്ഷയെഴുതാം. ഇപ്രകാരം പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ളതും പരീക്ഷകേന്ദ്രം മാറി പരീക്ഷയെഴുതാൻ ആഗ്രഹിക്കുന്നതുമായ വിദ്യാർഥികൾ സർവകലാശാല വെബ്‌സൈറ്റിലെ https://forms.gle/knPAsJwHKRSyXePT7 എന്ന ലിങ്കിൽ ലഭിക്കുന്ന ഗൂഗിൾ ഫോമിൽ ആവശ്യപ്പെട്ട വിവരങ്ങൾ നവംബർ ഒന്നിന് ഉച്ചകഴിഞ്ഞ് ഒന്നിന് മുമ്പായി അപ്‌ലോഡ് ചെയ്യണം. ഗൂഗിൾ ഫോമിൽ ലഭിക്കുന്ന ഏഴ് കോളേജുകളിൽ ഏതെങ്കിലും ഒരെണ്ണം വിദ്യാർഥികൾക്ക് പരീക്ഷകേന്ദ്രമായി തെരഞ്ഞെടുക്കാം.

(പി.ആർ.ഒ/39/1071/2020)

## വൈവാവോസി

2020 ജൂലൈയിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ഫിൽ ഫിസിക്കൽ എജ്യൂക്കേഷൻ (2017 അഡ്മിഷൻ) പരീക്ഷയുടെ ഡിസർട്ടേഷൻ/വൈവാവോസി പരീക്ഷ നവംബർ നാലിന് രാവിലെ 11ന് സർവകലാശാല സിൽവർ ജൂബിലി പരീക്ഷഭവനിലെ 201-ാം നമ്പർ മുറിയിൽ നടക്കും. വിദ്യാർഥികൾ ഹാൾടിക്കറ്റും തിരിച്ചറിയൽ രേഖയുമായി പരീക്ഷയ്ക്ക് എത്തണം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/1072/2020)

## പൂർവവിദ്യാർഥി സംഗമം

മഹാത്മാഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ വിവിധ വർഷങ്ങളിൽ പഠനം പൂർത്തിയാക്കിയവരുടെ പൂർവ വിദ്യാർഥി സംഗമം സംഘടിപ്പിക്കുന്നു. വിശദവിവരത്തിന് ഫോൺ: 9446126162.

(പി.ആർ.ഒ/39/1073/2020)

## ഓൺലൈൻ സംവാദത്തിന് അവസരം

മഹാത്മാഗാന്ധി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 31ന് വൈകീട്ട് നാലിന് കോഴിക്കോട് ജില്ല അസിസ്റ്റന്റ് കളക്ടർ ശ്രീധന്യ സുരേഷുമായി ഗൂഗിൾ മീറ്റിലൂടെ ഓൺലൈൻ സംവാദത്തിന് അവസരമൊരുക്കുന്നു. തത്സമയം ഫേസ്ബുക്കിലും യൂട്യൂബിലും പരിപാടി ലഭ്യമായിരിക്കും. വിശദവിവരം www.civilserviceinstitute.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 9188374553.

(പി.ആർ.ഒ/39/1074/2020)

## വെബിനാർ ഉദ്ഘാടനം ചെയ്തു

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കല സയൻസസും ഡയറക്ടറേറ്റ് ഓഫ് മൈനോറിറ്റി വെൽഫെയർ സെന്റർ ഫോർ മൈനോറിയറ്റി യൂത്ത് കായംകുളത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ 'ഇന്റർഡിസിപ്ലിനറി ആന്റ് ട്രാൻസ്ഡ് ഐസിപ്ലിനറി എജ്യൂക്കേഷൻ; അപ്രോച്ചസ് ആന്റ് റിഫ്ളക്ഷൻസ്' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ദേശീയ വെബിനാർ ഉന്നത വിദ്യാഭ്യാസ മന്ത്രി കെ.ടി. ജലീൽ ഉദ്ഘാടനം ചെയ്തു. ഒക്ടോബർ 31 വരെയാണ് വെബിനാർ. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിച്ചു. ഡോ. ബി.ആർ. അംബേദ്കർ യൂണിവേഴ്സിറ്റി ഡൽഹി സ്കൂൾ ഓഫ് ഡെവലപ്മെന്റ് സ്റ്റഡീസ് ഡീൻ പ്രൊഫ. ബാബു പി. രമേശ് ക്ലാസെടുത്തു. സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് മേധാവി പ്രൊഫ. എ. മിനിക്കുട്ടി സംസാരിച്ചു. 400ഓളംപേർ വെബിനാറിൽ പങ്കെടുത്തു. https://schoolps.webex.com/schoolps/j.php?MTID=me51cddc94bdee2c6824df82ef707a7e8 എന്ന ലിങ്കിലൂടെ വെബിനാറിൽ പങ്കെടുക്കാം.

(പി.ആർ.ഒ/39/1075/2020)

**എ. അരുൺകുമാർ**

പബ്ലിക്റിലേഷൻസ്ഓഫീസർ